# ബുള്ളറ്റിൻ

## തീയതി: 31/01/2020

കൊറോണാവൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കേരളത്തിലും രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. രോഗബാധിത പ്രദേശത്ത് നിന്ന് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി **1471** പേർ നാളിതുവരെ എത്തിച്ചേർന്നിട്ടുണ്ട്. ഇവരിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി **1421** പേർ വീട്ടുകളിലും **50** പേർ വിവിധ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ സാമ്പിളുകൾ പൂനയിലെ എൻ.ഐ.വിയിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആശുപത്രികളിൽ പ്രവേശിക്കപ്പെട്ടവരിൽ ആരുടേയും ആരോഗ്യനിലയിൽ ആശങ്കയ്ക്ക് വകയില്ലെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. നിലവിൽ ഒരു കേസ് മാത്രമേ പോസിറ്റീവ് ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളൂ. ആ വിദ്യാർഥിനിയുടെ രണ്ടാമത്തെ പരിശോധനാ ഫലം കൂടി വരാനുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കാൾ സെൻറർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (വിളിക്കേണ്ട നമ്പർ: **9072315151**,

email: controlroomdhskerala@gmail.com)

കൊറോണാവൈറസ് രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായും മൂക്കും തുവാല കൊണ്ട് മൂടുകയും കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്നു.

## 31/01/2020 ലെ റിപ്പോർട്ട്

| ജില്ല | രോഗബാധിത പ്രദേശങ്ങളിൽ നിന്നും കേരളത്തിൽ എത്തിയവരുടെ എണ്ണം | വീട്ടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ഇന്ന് ആശുപത്രികളിൽ അഡ്മിറ്റ് ആയവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 111 | 105 | 6 | 5 |
| കൊല്ലം | 128 | 122 | 6 | 4 |
| പത്തനംതിട്ട | 43 | 43 | 0 | 0 |
| ഇടുക്കി | 21 | 21 | 0 | 0 |
| കോട്ടയം | 52 | 52 | 0 | 0 |
| ആലപ്പുഴ | 93 | 87 | 6 | 5 |
| എറണാകുളം | 204 | 195 | 9 | 5 |
| തൃശ്ശൂർ | 124 | 110 | 14 | 11 |
| പാലക്കാട് | 93 | 92 | 1 | 1 |
| മലപ്പുറം | 210 | 205 | 5 | 3 |
| കോഴിക്കോട് | 214 | 211 | 3 | 2 |
| വയനാട് | 22 | 22 | 0 | 0 |
| കണ്ണൂർ | 96 | 96 | 0 | 0 |
| കാസർഗോഡ് | 60 | 60 | 0 | 0 |
| ആകെ | **1471** | **1421** | **50** | **36** |

സ്റ്റേറ്റ് നോഡൽ ഓഫീസർ